നം:3963/പി/2016/ഡി.എ.എം.ഇ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ-
ഡയറക്ടറുടെ കാര്യാലയം
ആരോഗ്യഭവൻ, തിരുവനന്തപുരം
തീയതി : 18/01/2019.
ഫോൺ. 0471-2339307.
ഇ-മെയിൽ dametvm@yahoo.co.in.
വെബ്സൈറ്റ് - www.ayurveda.kerala.gov.in

# അറിയിപ്പ്

ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് 2018 ആഗസ്റ്റ് മാസത്തിൽ നടത്തിയ യോഗ & നാച്വറോപ്പതി ടെക്നീഷ്യൻ കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പ്രസ്തുത പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ 04/02/2019 മുതൽ തിരിവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ നിന്നും വിതരണം ചെയ്യുന്നതായിരിക്കും.

2018 ആഗസ്റ്റ് മാസത്തിൽ നടന്ന യോഗ & നാച്വറോപ്പതി ടെക്നീഷ്യൻ കോഴ്സ് പരീക്ഷയുടെ പുനർമൂല്യ നിർണയത്തിന് 08/02/2019 ന് വൈകുന്നേരം 5.00 മണിക്കുള്ളിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷകൾ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി ഒരു പേപ്പറിന് 158/- രൂപ (നൂറ്റി അൻപത്തെട്ട് രൂപ മാത്രം) നിരക്കിൽ '0210-03-101-98-എക്സാം ഫീസ് ആന്റ് അദർ ഫീസ്' എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കിയ ഒറിജിനൽ ചെലാൻ, പരീക്ഷാ ഹാൾ ടിക്കറ്റിന്റെ പകർപ്പ്, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ഡയറക്ടർ, ആയൂർവേദ മെഡിക്കൽ എഡ്യൂക്കേഷൻ, ആരോഗ്യഭവൻ, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ നിശ്ചിത തീയതിയ്ക്കകം അപേക്ഷിക്കേണ്ടതാണ്. വിവരങ്ങൾ www.ayurveda.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അവസാന തീയതിയ്ക്ക് ശേഷം ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ യാതൊരു അറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

ആയൂർവേദ യോഗ & നാച്വറോപ്പതി ടെക്നീഷ്യൻ കോഴ്സ് വിജയിച്ച വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫാറത്തിൽ നിർദ്ദേശിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കണം.

സർട്ടിഫിക്കറ്റിന്റെ ഫീസ് 158/-രൂപ '0210-03-101-98-എക്സാം ഫീസ് ആന്റ് അദർ റസീപ്റ്റ്സ്' എന്ന ഹെഡ് ഓഫ് അക്കണ്ടിൽ കേരളത്തിലെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കി ആയതിന്റെ അസൽ ചെലാനും, 35/-രൂപയുടെ (രജിസ്ട്രേഡ് തപാലിന് ആവശ്യമായ പോസ്റ്റേജ് സ്റ്റാമ്പ്) തപാൽ സ്റ്റാമ്പ് പതിച്ച സ്വന്തം മേൽവിലാസം എഴുതിയ 34 X 24 സെ.മീ. വലിപ്പത്തിലുള്ള കവർ സഹിതം ഡയറക്ടർ, ആയൂർവേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ്, ആരോഗ്യഭവൻ, എം.ജി.റോഡ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കേതാണ്. പരീക്ഷാ ഫലങ്ങളും, അപേക്ഷാ ഫാറങ്ങളും മറ്റു വിശദവിവരങ്ങളും www.ayurveda.kerala.gov.in എന്ന വെബ്സൈറ്റിൽലഭ്യമാണ്.

ഡയറക്ടർ
ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

പകർപ്പ് :നോട്ടീസ്ബോർഡ്

**ആയുർവേദ പാരാമെഡിക്കൽ യോഗ & നാച്വറോപ്പതി ടെക്നീഷ്യൻ പരീക്ഷ**

**ആഗസ്റ്റ് - 2018**

**ഉത്തരക്കടലാസിന് ലഭിച്ച മാർക്കുകളുടെ പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷ**

1. വിദ്യാർത്ഥിയുടെ പേര് (ഇനിഷ്യൽസഹിതം) :
2. യോഗ & നാച്വറോപ്പതി ടെക്നീഷ്യൻ കോഴ്സ് പഠിച്ച സ്ഥാപനം :
3. പരീക്ഷാകേന്ദ്രം :
4. രജി.നമ്പർ :
5. പുനർമൂല്യനിർണ്ണയത്തിന് ഉദ്ദേശിക്കുന്ന വിഷയത്തിന്റെ പേരും പേപ്പർ നമ്പരും :
6. പുനർമൂല്യനിർണ്ണയത്തിന് ആവശ്യപ്പെടുന്ന വിഷയത്തിന് ലഭിച്ചിരിക്കുന്ന മാർക്കുകൾ :
7. അടച്ച ഫീസ് (ഓരോ പേപ്പറിനും 158/-രൂപവീതം)
8. ചെലാൻ നമ്പർ, തീയതി, ട്രഷറിയുടെ പേര് :
9. വിദ്യാർത്ഥിയുടെ പൂർണ്ണമായ പോസ്റ്റൽവിലാസം:

സ്ഥലം.....................

തീയതി.....................                                        വിദ്യാർത്ഥിയുടെ ഒപ്പ്

കുറിപ്പ്:- അസ്സൽ ചെലാൻ രസീത്, മാർക്ക്ലിസ്റ്റിന്റെ പകർപ്പ്, സ്വന്തം മേൽവിലാസമെഴുതി രജിസ്ട്രേഡ് തപാൽ സ്റ്റാമ്പ് പതിച്ച കവർ എന്നിവ ഈ അപേക്ഷയോടൊപ്പം പിൻ ചെയ്ത് അയയ്ക്കേണ്ടതാണ്. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷ ലഭിക്കേണ്ട അവസാന ദിവസം 2019 ഫെബ്രുവരി 8. വൈകി ലഭിക്കുന്നതും അപൂർണ്ണമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ യാതൊരു അറിയിപ്പും കൂടാതെ നിരസിക്കപ്പെടുന്നതാണ്.

ഫീസ് ഒടുക്കേണ്ട ശീർഷകം :<u>"0210-03-101-98 എക്സാം ഫീസ് ആന്റ് അദർ ഫീസ്"</u>